**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 169 — 05.03.2012 ൽ മറുപടിയ്ക്ക്

**പശ്ചിമഘട്ടപരിസ്ഥിതി വിദഗ്ദ്ധ സമിതി**

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധ സമിതി പരിസ്ഥിതിദുർബലപഠനം നടത്തി കേന്ദ്ര സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | പശ്ചിമഘട്ട പരിസ്ഥിതി സംബന്ധിച്ച പൊതുവായ പഠനമാണ് പ്രൊഫ.മാധവ്ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി നടത്തിയത്. |
| (ബി) | ഇല്ലെങ്കിൽ കേരളത്തിലെ 42 താലൂക്കുകളിലെ കൃഷിക്കാരെ ബാധിക്കുന്ന ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെടുമോ; | (ബി) യും (സി) യും | പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ രണ്ടു പക്ഷമില്ലെങ്കിലും കേരളത്തിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ അതേപടി നടപ്പിലാക്കുന്നതിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>• പശ്ചിമഘട്ട പരിസ്ഥിതിയെ വിവിധ സോണുകളായി തരംതിരിക്കുന്നതിന് സമിതി അവലംബിച്ചിട്ടുള്ള മാനദണ്ഡങ്ങൾ തീർത്തും തെറ്റും ആശ്രയിക്കാനാവാത്തതുമാണ്. യാതൊരു അടിസ്ഥാനവുമില്ലാതെ ചില താലൂക്കുകളെ സോണിംഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• സംസ്ഥാനത്ത് നിലവിലുള്ള വിവിധ നിയമങ്ങൾ പശ്ചിമഘട്ട പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് പര്യാപ്തമാണ്. ഇതിന് പുറമെ സമിതി ശുപാർശ ചെയ്ത പ്രകാരം പശ്ചിമഘട്ട വികസന അതോറിറ്റി പ്രാബല്യത്തിൽ വരുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാണ്. മാത്രമല്ല, പരിസ്ഥിതിപ്രേമി |
| (സി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?. | | |

കളായ കേരളജനത പരിസ്ഥിതി കാത്തു സൂക്ഷിക്കുന്നതിൽ സദാ ജാഗരൂഗരാണ്. ഇത്തരത്തിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നുവെങ്കിൽതന്നെ ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും ജനസംഖ്യാപരമായും സാംസ്ക്കാരികമായും മറ്റ് പശ്ചിമഘട്ട സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥത പുലർത്തുന്ന കേരളത്തെ ഒഴിവാക്കേണ്ടതാണ്.

• 50 വർഷത്തിലേറെ പഴക്കമുള്ള ഡാമുകൾ ഡീകമ്മീഷൻ ചെയ്താൽ സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി അഭിമുഖീകരിക്കേണ്ടി വരും.

• വിവിധ ആക്ടുകൾ പ്രകാരം നിലവിലുള്ള നിയന്ത്രണങ്ങൾ കഴിഞ്ഞ് ജനവാസം, കൃഷി, വികസന പ്രവർത്തനം എന്നിവയ്ക്ക് ലഭ്യമായ ഭൂമി തുലോം കുറവാണ്. ഇതിന് പുറമെ പുതിയ നിയന്ത്രണ മേഖലകൾ ഏർപ്പെടുത്തുന്നത് ജനജീവിതം ദുസ്സഹമാക്കുന്നതാണ്.

• നിലവിലുള്ള നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ നിർദ്ദിഷ്ട പശ്ചിമഘട്ട അതോറിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റാനാകുന്നതാണ്.

• പശ്ചിമഘട്ടത്തിലെ നിലവിലുള്ള അതിർത്തികൾ പുനർ നിശ്ചയിക്കുന്നതിനുള്ള യാതൊരു ശ്രമവും നിർദ്ദിഷ്ട ലക്ഷ്യങ്ങൾക്ക് എതിരായി ഭവിക്കുന്നതും അത് പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിന് ഉതകുന്നതുമായിരിക്കുകയില്ല.

മേൽ പ്രസ്താവിച്ച വസ്തുതകൾ കണക്കിലെടുത്ത് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ഉചിതമായ നടപടികൾക്കായി സംസ്ഥാനത്തിന് അയച്ചു തരേണ്ടതാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ